*സമയം വൈകിപ്പോവുന്നു*
*മഴു ആഞ്ഞാഞ്ഞുവീഴുന്നു*
*കാടിനു തീകൊടുത്തുകഴിഞ്ഞു.*
*ഉടൻ വേണ്ടതു ചെയ്യുക.*
*നിശ്ശബ്ദ രോദനത്തോടെ കാട്*
*നമ്മുടെ നേർക്ക് കൈനീട്ടുകയാണ്.*
*-സുഗതകുമാരി ('വനരോദനം')*



# സൈലൻറ്‌വാലി പ്രക്ഷോഭം

ഡോ. ഇ. ഉണ്ണികൃഷ്ണൻ

**സൈലൻറ്‌വാലി പ്രക്ഷോഭത്തിൻെറ തുടക്കം എങ്ങനെയായിരുന്നു? എവിടെയും രേഖപ്പെടുത്താതെപോയ ആ ആരംഭത്തിൻെറ അമരക്കാരനായിരുന്ന ജോൺസി ജേക്കബ് ഇക്കഴിഞ്ഞ ഒക്ടോബർ 11-ന് അന്തരിച്ചു.ജോൺസിയുടെ വിയോഗത്തിൻെറ സങ്കടത്തിൽ ഒരു സൈലൻറ്‌വാലി വിചാരം; വീണ്ടെടുക്കപ്പെട്ട ഒരപൂർവ ചിത്രത്തിൻെറ ആധാരത്തോടെ.**

ഉപ്പുസത്യാഗ്രഹപ്പെരുമ പേറുന്ന പയ്യന്നൂർ നഗരത്തിലൂടെ ആയിരത്തിത്തൊള്ളായിരത്തി എഴുപത്തിയൊൻപത് ജൂലായ് 18-ന് ഒരു പ്രതിഷേധജാഥ മൗനമായി കടന്നുപോയി. സൈലൻറ് വാലിക്കാടുകൾക്ക് ജലസമാധി വിധിക്കുന്നതിന്നെതിരെയായിരുന്നു പ്രതിഷേധം. പ്ലക്കാർഡുകളും കരിങ്കൊടികളുമേന്തി ഇരുന്നൂറോളം പേർ പ്രകടനത്തിലണിനിരന്നു. പയ്യന്നൂർ കോളേജിൽ പ്രവർത്തിച്ചിരുന്ന ജന്തുശാസ്ത്ര ക്ലബ്ബായിരുന്നു ജാഥയുടെ സംഘാടകർ. കുഞ്ഞിമംഗലം സെൻട്രൽ യു.പി. സ്കൂളിലെ നേച്ചർ ക്ലബ്ബ് അംഗമായ പത്മനാഭനെന്ന പത്തുവയസ്സുകാരൻ പ്ലക്കാർഡുമേന്തി ജാഥയുടെ മുൻപിൽ നടന്നു. ജന്തുശാസ്ത്രക്ലബ്ബ് സെക്രട്ടറിയായ വാസുദേവൻ ക്ലബ്ബിൻെറ പതാകയേന്തി. കാടിൻെറ കാരുണ്യത്തെ മനസ്സിലാക്കിത്തുടങ്ങിയിരുന്ന ഒരുപറ്റം അധ്യാപകരും മടങ്ങാക്കുടയും ചോറ്റുപാത്രവും പാഠപുസ്തകത്തോടു ചേർത്ത് നെഞ്ചേറ്റിയ, നീളൻ പാവാടക്കാരികളും ജാഥയിലണിനിരന്ന് നഗരപ്രദക്ഷിണം ചെയ്തു. വിടർത്താത്ത കാലൻ കുടകൊണ്ട് ചാറൽമഴയെ തടുത്തുകൊണ്ട് ജോൺസി ജേക്കബ് പിന്നണിയിൽ നടന്നു- വനനാശത്തിനെതിരെ കേരളത്തിൽ, ഒരുവേള ഇന്ത്യയിൽത്തന്നെ നടന്ന ആദ്യത്തെ പ്രതിരോധ പ്രവർത്തനം.

പക്ഷേ, സൈലൻറ് വാലിയുടെ ചരിത്രനാൾവഴികളിലൊന്നും ഈ പ്രതിഷേധ പ്രകടനമില്ല. പാരിസ്ഥിതിക വിവാദങ്ങളെ രേഖപ്പെടുത്തി ദില്ലിയിലെ സി.എസ്.ഇ. പ്രസിദ്ധീകരിച്ച ദരീൽ ഡി മൊണ്ടേയുടെ പ്രസിദ്ധ ഗ്രന്ഥം 'ടെമ്പിൾസ് ഓർ ടോംപ്സി'ലെ സൈലൻറ് വാലി ലേഖനത്തിൽ ജോൺസിയില്ല. സൈലൻറ് വാലിയുടെ ചരിത്രവും സമരവും ജൈവവൈവിധ്യവും രേഖപ്പെടുത്തി കേരള വനംവകുപ്പും വനഗവേഷണ കേന്ദ്രവും ചേർന്ന് പ്രസിദ്ധീകരിച്ച 'വിസ്പേർസ് ഓഫ് റീസണി'ലും മൂന്നു പതിറ്റാണ്ടുമുൻപ് പയ്യന്നൂരിൽ നടന്ന ജനകീയ പ്രതിരോധ പ്രവർത്തനങ്ങൾ രേഖപ്പെടുത്താതെ പോയി.

ജന്തുശാസ്ത്ര ക്ലബ്ബിൻെറ ആദ്യകാല പ്രവർത്തകനും പ്രകൃതി ഫോട്ടോഗ്രാഫറുമായ സി. ഉണ്ണികൃഷ്ണൻെറ സൂക്ഷിപ്പുകളിൽ നിന്നാണ് കേരളത്തിൻെറ ഹരിതബോധനത്തിന് ഹരിശ്രീ കുറിച്ച ഈ അപൂർവ ചിത്രങ്ങൾ യാദൃച്ഛികമായി കണ്ടെടുക്കപ്പെടുന്നത്. രോഗശയ്യയിലായിരുന്ന ജോൺസി മാഷെ ഈ



ഫോട്ടോകൾ: സി. ഉണ്ണികൃഷ്ണന്റെ ശേഖരത്തിൽ നിന്ന്

# തുടങ്ങിയതാര്?

**സൈലൻറ്വാലി പദ്ധതിക്കെതിരെ 1979 ജൂലായ് 18-ന് പയ്യന്നൂർ നഗരത്തിൽ നടന്ന പ്രതിഷേധ പ്രകടനത്തിന്റെ പിൻനിര. കുട ഉയർത്തിപ്പിടിച്ചിരിക്കുന്നത് ജോൺസി ജേക്കബാണ്.**

ചിത്രങ്ങൾ കാണിച്ച് അത്ഭുതപ്പെടുത്തണമെന്നു കരുതിയിരുന്നെങ്കിലും മാഷ് കാത്തുനിന്നില്ല. ഔപചാരികമായ ഒരോർമക്കുറിപ്പല്ല ഇത്. കഴിഞ്ഞ കാൽനൂറ്റാണ്ടിനിടയിൽ പലപ്പോഴായി ജോൺസിയിൽ നിന്ന് നേരിൽ കേട്ടറിഞ്ഞതും 'മൈന' മുതൽ 'പ്രസാദം' വരെയുള്ള സ്വന്തം പ്രസിദ്ധീകരണങ്ങളിൽ അദ്ദേഹം എഴുതിയിട്ടുള്ളവയുമായ വസ്തുതകളിൽ നിന്ന് പാരിസ്ഥിതിക ചരിത്രത്തിലെ നാഴികക്കല്ലായ സൈലൻറ് വാലി സമരത്തിന്റെ അവ്യക്തമായ പൂർവഖണ്ഡത്തെ ഓർമപ്പെടുത്തുകയാണ് ഈ കുറിപ്പിലൂടെ.

ആനത്താരകളെയാണ് ജോൺസി ജേക്കബിന്റെ ആദ്യകാല പാരിസ്ഥിതിക പ്രേഷിത പ്രവർത്തനങ്ങൾ ഓർമപ്പെടുത്തുന്നത്. മേച്ചിൽപ്പുറങ്ങളിലേക്ക് നടന്നുനീങ്ങിയുണ്ടായ കാട്ടുതുറവുകളാണ് ആനത്താരകൾ. വന്യനിഗൂഢതകളിലേക്കൊരു കാട്ടുവഴി. ആരണ്യഗന്ധങ്ങളുടെ ഗന്ധമാദനങ്ങൾ തകർക്കുന്ന ദുർഗ്രഹക്രൂരാധീരാകാര പൂരുഷന്റെ വനമർമതാഡനതാളങ്ങളിലല്ല ആനകൾ വഴി രചിക്കുന്നത്. തങ്ങളുടെ ദേഹവലുപ്പത്തിനപ്പുറത്തേക്ക് വിസ്തരിക്കാത്തവയാണ് ആനത്താരകൾ. മസ്തകം മുട്ടുന്ന മരക്കൊമ്പുകൾ തുമ്പിനീട്ടിപ്പറിച്ചെറിഞ്ഞ് വഴിതെളിക്കുകയും പിറകെ വരുന്നവയ്ക്കൊക്കെയും ഇരയെറിഞ്ഞു കൊടുക്കുകയും ചെയ്ത് സഞ്ചരിക്കുന്ന ഈ മാതംഗലീലയുടെ പ്രകൃതിനിയോഗംപോലെയൊന്നായിരുന്നു ജോൺസി മൂന്ന് പതിറ്റാണ്ടുകൾക്ക് മുൻപേ നിർവഹിച്ചത്.

ഒരു സംഘടന എന്ന നിലയിൽ സൈലൻറ് വാലി പദ്ധതിക്കെതിരെ ആദ്യമായി പ്രതിഷേധമുയർത്തുന്നത് ജോൺസി നേതൃത്വം നൽകിയ ജന്തുശാസ്ത്രക്ലബ്ബാണ്. 1977-ലാണ് ക്ലബ്ബ് കേരളത്തിന്റെ മുഖ്യമന്ത്രിക്ക് പദ്ധതി നിർത്തിവെക്കണമെന്നാവശ്യപ്പെട്ട് ആദ്യമായി നിവേദനം നല്കുന്നത്. ജന്തുശാസ്ത്ര ക്ലബ്ബുമായി അഫിലിയേറ്റു ചെയ്ത നേച്ചർക്ലബ്ബുകൾ ഈ ആവശ്യമുന്നയിച്ച് പ്രധാനമന്ത്രിക്ക് കത്തുകളയയ്ക്കുകയും അണക്കെട്ടുവിരുദ്ധ പ്രമേയങ്ങൾ പാസാക്കി സർക്കാറിനയയ്ക്കുകയും ചെയ്യുന്നുണ്ട് ഇക്കാലത്ത്. 1978 സപ്തംബർ 4-ന് അന്നത്തെ പ്രധാനമന്ത്രി മൊറാർജി ദേശായിക്ക് ജന്തുശാസ്ത്ര ക്ലബ്ബ് അംഗങ്ങൾ ഒപ്പിട്ട മെമ്മോറാണ്ടം അയച്ചുകൊടുക്കുന്നുമുണ്ട്. പദ്ധതിയുമായി മുന്നോട്ടുപോകുന്ന കേരള സർക്കാറിന്റെ കണ്ണുതുറപ്പിക്കാൻ 1979 ജൂലായ് 16 മുതൽ 22 വരെ ''സേവ് സൈലൻറ് വാലി'' വാരമായി ആചരിക്കപ്പെട്ടു. ഇതിന്റെ ഭാഗമായാണ് പയ്യന്നൂരിൽ പ്രതിഷേധ ജാഥ നടന്നത്. തൊട്ടടുത്ത ദിവസം തന്നെ കണ്ണൂർ ഗവ. ഹൈസ്കൂളിലെ വിദ്യാർഥികളെ പങ്കെടുപ്പിച്ചുകൊണ്ട് നഗരത്തിൽ പ്രകടനവും കലക്ടറേറ്റിനു മുന്നിൽ ധർണയും നടത്തുന്നുണ്ട്. ഈ പ്രതിരോധസമരങ്ങളുടെ തുടർച്ചയാണ് പിന്നീടങ്ങോട്ടു നടന്ന സൈലൻറ്വാലി പ്രക്ഷോഭങ്ങളെല്ലാം.

തന്റെ ദർശനങ്ങൾക്ക് വെള്ളിവെളിച്ചം പകർന്നുകൊണ്ട് പറന്നുപൊങ്ങിയ ഒരു വെള്ളരിപ്പക്ഷിയെക്കുറിച്ച് പ്രകൃതികൃഷിയുടെ ആചാര്യനായ മസനോബു ഫുക്കുവോക്ക കുറിക്കുന്നുണ്ട്. ജോൺസി നയിച്ച പ്രകൃതിപഠനസഹവാസങ്ങൾക്ക് നിമിത്തമായത് അത്തരമൊരനുഭവമായിരുന്നു. മുപ്പതുവർഷം മുൻപ് പയ്യന്നൂർ കോളേജിനരികിലെ ഒരു സ്കൂളിൽ കുട്ടികൾക്കായി നടത്തിയ സയൻസ് ക്യാമ്പിൽ ജീവശാസ്ത്രം പറഞ്ഞുകൊടുക്കാനെത്തിയ ഒരു കോളേജ് പ്രൊഫസർ ക്യാമ്പ് പിരിഞ്ഞുപോകുന്നതിന്റെ തലേന്നുരാത്രിയിൽ പാറപ്പുറത്ത് നിലാവിൽ ഒറ്റയ്ക്കിരുന്നു കരഞ്ഞു. ജീവന്റെ പാരസ്പര്യത്തെ മനസ്സിലാക്കാൻ ആരും ശ്രമിക്കാത്തതിലായിരുന്നു പ്രൊഫസറുടെ ദുഃഖം. ഈ സങ്കടം ഹൃദയം കൊണ്ടേറ്റുവാങ്ങിയ ചില പ്രൈമറിസ്കൂൾ അധ്യാപകരും മാഷുടെ പൂർവവിദ്യാർഥികളും ചേർന്നാണ് 'സീക്ക്' എന്ന പ്രകൃതിവിദ്യാഭ്യാസ സംഘടനയ്ക്ക് രൂപം നല്കിയത്. വേൾഡ് വൈൽഡ് ലൈഫ് ഫണ്ടിനുവേണ്ടി സീക്ക് നടത്തിയ പഠനസഹവാസങ്ങളിൽ ജോൺസി പകർന്നുനല്കിയ പ്രകൃതിപാഠങ്ങളിലൂടെ കുഞ്ഞുമനസ്സുകളിൽ വീണ പച്ചയുടെ വി ▶

ത്തുകളാണ് കേരളത്തിന്റെ ഹരിതബോധത്തെ ഇന്നു നിർണയിക്കുന്നത്. ജീവിതായോധനത്തിനായുള്ള പന്നിപ്പാച്ചിലിനിടയിലും ആ പച്ചമരച്ചില്ലകൾ വെട്ടിമാറ്റാത്തവർ, കാക്കാനേല്പിച്ച കാടിനെ കറുത്ത മഞ്ഞ ലോഹത്തിനായി ഒറ്റുകൊടുക്കുന്ന വനപാലനത്തിന്റെ സഹജഗുണത്തിന് വിള്ളൽവീഴ്ത്തി ഭൂമിക്കുമേലുള്ള ഉത്തരവാദിത്വബോധം വനംവകുപ്പിലെവിടെയൊക്കെയോ പൊട്ടിത്തൂളിവരുന്നുണ്ടെങ്കിൽ പിറകിലെവിടെയോ ജോൺസിയുടെ സന്ദേശങ്ങളുടെ നിശ്ശബ്ദസാന്നിധ്യമുണ്ട്. മാനവികതയുടെ അടിയാധാരത്തിൽ തങ്ങളുടെ കർമമണ്ഡലത്തെ ചിട്ടപ്പെടുത്തിയ ആതുരസേവകരും നിയമജ്ഞരും അധ്യാപകരും വീട്ടമ്മമാരും ഈ ശിഷ്യഗണത്തിൽപ്പെടുന്നു.

വാനപ്രസ്ഥത്തിനും സന്ന്യാസത്തിനുമിടയിലെ മുപ്പതിലേറെ വർഷം നീണ്ട സ്വത്വാന്വേഷണത്തിനിടയിൽ ജോൺസിയെ 'വാസുദേവൻ നന്ദിക്കര'യായി പുനർജനിപ്പിച്ച ജീവിതനാടകത്തിലെ യുക്തിരാഹിത്യത്തെക്കുറിച്ച് വിചാരണ ചെയ്യാനുള്ള സമയമിതല്ല. ജന്മലബ്ധമായ മതം തന്റെ ആത്മീയാന്വേഷണത്തിനുമേൽ അത്രമേൽ പീഡാനുഭവമാകുകയും മറ്റൊരു മതത്തിലേക്ക് സ്വയം സ്ഥാപിക്കപ്പെടുകയും ചെയ്തപ്പോഴും ഭാരതീയ ദർശനങ്ങളോടാണ് ഹിന്ദുമതത്തോടല്ല ജോൺസി ആഭിമുഖ്യം കാണിച്ചത്. എഴുപത്തിരണ്ടാണ്ടുകൾ നീണ്ട ജീവിതകാലത്തിനിടയിൽ മൈന, സൂചീമുഖി, ആൻഖ്, പ്രസാദം എന്നിങ്ങനെ ചെറുതെങ്കിലും കാതലുള്ള നാലുപ്രസിദ്ധീകരണങ്ങളിലൂടെ ജോൺസി നിരന്തരം വായനക്കാരുമായി വിശിഷ്യാ കുട്ടികളുമായി സംവദിച്ചു. അവസാന പതിറ്റാണ്ടുകളിൽ ജോൺസിയുമായി പിണങ്ങിയും പിരിഞ്ഞും സമരസപ്പെട്ടു കഴിഞ്ഞ ഒട്ടേറെ സഹയാത്രികരുണ്ട്. പക്ഷേ, ജോൺസിയുടെ വാക്കും എഴുത്തും ഇവർക്കും എക്കാലവും പ്രചോദനമാണ് എന്നതിൽ തർക്കമുണ്ടാവില്ല.

സൈലൻറ് വാലി സമരചരിത്രത്തിൽനിന്നും ജന്തുശാസ്ത്രക്ലബ്ബിന്റെ പ്രവർത്തനങ്ങൾ– പയ്യന്നൂരിൽ നടന്ന പ്രതിരോധത്തിന്റെ ആദ്യ ചുവടുവെപ്പുകൾ തമസ്കരിക്കപ്പെട്ടതിൽ ഖിന്നനും ക്ഷുഭിതനുമായിരുന്നു ജോൺസി എക്കാലവും. ശാസ്ത്രസാഹിത്യ പരിഷത്താണ് സൈലൻറ് വാലിയെ രക്ഷിച്ചെടുത്തതെന്ന പരമ്പരാഗതധാരണയെ അദ്ദേഹം എഴുത്തിലും സംസാരത്തിലും ചേദ്യംചെയ്യുന്നു. ''പ്രൊഫ. എം.കെ. പ്രസാദ്, പ്രൊഫ. വി.കെ. ദാമോദരൻ, ഡോ. എം.പി. പരമേശ്വരൻ, ഡോ. എ. അച്യുതൻ എന്നിവർ സൈലൻറ് വാലി പ്രശ്നം ഉയർത്തിക്കൊണ്ടുവരികയും അതിലേക്ക് ജനശ്രദ്ധ തിരിക്കുകയും ചെയ്തു എന്നത് സത്യമാണ്. ലോകത്തിലെ മുഴുവൻ പ്രകൃതി–മാനവ സ്നേഹികളും അതിന് അവരോട് കടപ്പെട്ടിരിക്കുകയും ചെയ്യും. എന്നാൽ അവർ ചെയ്ത പ്രവൃത്തിക്ക് പരിഷത്തിന്റെ പിന്തുണ ഉണ്ടായിരുന്നില്ല അക്കാലത്ത് എന്നതാണ് സത്യം. അവർ ചെയ്തത് യഥാർഥത്തിൽ വ്യക്തികൾ എന്ന നിലയിൽ മാത്രമായിരുന്നു എന്നു സാരം''. ('ആൻഖ്' 91 ജനവരി)

1978 ഡിസംബറിൽ ജന്തുശാസ്ത്ര ക്ലബ്ബ് കുട്ടികൾക്കായി ഏഴിമലയിൽ നടത്തിയ ക്യാമ്പിൽ മുഖ്യാതിഥിയായിരുന്നു പ്രൊഫ. എം.കെ. പ്രസാദ്. ഈ ക്യാമ്പിൽവെച്ചാണ് സൈലൻറ് വാലി പ്രശ്നത്തെക്കുറിച്ച് ക്യാമ്പംഗങ്ങളോട് പ്രസാദ് പറയുന്നത്. കാടിനെ രക്ഷിക്കാൻ എന്തെങ്കിലും ചെയ്യണമെന്ന് കുട്ടികളോടും അധ്യാപകരോടും അദ്ദേഹം പറഞ്ഞു. കേ.ശാ.സ.പ. ഒരു സംഘടന എന്ന നിലയിൽ പദ്ധതിയെ എതിർക്കാൻ തയ്യാറല്ലെന്നും അതുകൊണ്ടാണ് സുവോളജിക്കൽ ക്ലബ്ബിന്റെയും അതുമായി ബന്ധപ്പെട്ട നേച്ചർക്ലബ്ബുകളുടെയും സഹായം താൻ തേടിയതെന്നും പ്രസാദ്മാഷ് തുറന്നുപറഞ്ഞതായി ജോൺസി ജേക്കബ് തന്റെ അനുഭവക്കുറിപ്പുകളിൽ എഴു



പയ്യന്നൂരിൽ നടന്ന പ്രതിഷേധ പ്രകടനത്തിന്റെ മുൻനിര.

**പദ്ധതിക്കെതിരെ പ്രതിഷേധിച്ച ആദ്യ സംഘടന ജോൺസിയുടെ ജന്തുശാസ്ത്രക്ലബ്ബാണ്. 1977-ൽ മുഖ്യമന്ത്രിക്ക് നിവേദനം നല്കി. 1979 ജൂലായിൽ 'സേവ് സൈലൻറ് വാലി' വാരം ആചരിച്ചു. ഈ പ്രതിരോധസമരങ്ങളുടെ തുടർച്ചയാണ് സൈലൻറ്‌വാലി പ്രക്ഷോഭങ്ങളെല്ലാം.**

തിയിട്ടുണ്ട്. പിന്നീട് കെട്ടിടനിർമാണ വിദഗ്ധനായ ആർ.കെ. രമേഷുമൊത്ത് കോഴിക്കോട്ട് പ്രസാദ്മാഷ് 'സൈലൻറ് വാലി സംരക്ഷണ സമിതി' രൂപവത്കരിച്ച് പ്രവർത്തിക്കുന്നുമുണ്ട്. പരിഷത്ത് സൈലൻറ്വാലി സംരക്ഷണത്തിൻെറ മുൻനിരയിലുണ്ടായിരുന്നെങ്കിൽ പ്രസാദ്മാഷ് അതിൽതന്നെ നിന്നു പ്രവർത്തിക്കുമായിരുന്നില്ലേ? മറ്റൊരു സമിതി ഉണ്ടാക്കുകയില്ലല്ലോ എന്നാണ് ജോൺസി ചോദിക്കുന്നത്.

എം.കെ. പ്രസാദ് പറഞ്ഞാണ് ജോൺസി സ്കൂളുകളിൽ നേച്ചർ ക്ലബ്ബുകൾ തുടങ്ങുന്നത്. ജന്തുശാസ്ത്ര ക്ലബ്ബ് 'സൈലൻറ് വാലി സംരക്ഷണവാരം' ആചരിക്കുന്നതും ഇദ്ദേഹത്തിൻെറ അഭ്യർഥന മാനിച്ചുതന്നെ. 1979 ഏപ്രിലിൽ കാസർകോട് പ്ലാച്ചിക്കരയിലെ ഹരിതവനത്തിൽ കുട്ടികൾക്കായി ദക്ഷിണേന്ത്യയിലെ ആദ്യ വനസഹവാസം നടന്നപ്പോൾ ജോൺസിക്കൊപ്പം പ്രസാദും പങ്കെടുക്കുന്നുണ്ട്. കശുമാവ് നടുന്നതിനായി പറ്റേവെട്ടാൻ നമ്പറിട്ടുനിർത്തിയ മരങ്ങളെയാണ് പ്ലാച്ചിക്കരയിൽ ക്യാമ്പംഗങ്ങൾ കാണുന്നത്. പ്രസാദ്മാഷുടെ നേതൃത്വത്തിൽ പ്ലാച്ചിക്കരക്കാട്ടിലെ ജൈവവൈവിധ്യത്തെക്കുറിച്ച് പഠിച്ച് ചെക്ക്ലിസ്റ്റ് തയ്യാറാക്കുകകയും അനന്യമായ ഈ വനത്തെ രക്ഷിക്കണമെന്നാവശ്യപ്പെട്ടുകൊണ്ട് മുഖ്യമന്ത്രിയായ എ.കെ. ആൻറണിക്ക് ക്യാമ്പംഗങ്ങൾ കത്തയയ്ക്കുകയും ചെയ്യുന്നുണ്ട്. പ്ലാച്ചിക്കരയിൽ കശുമാവുതോട്ടം നിർമിക്കുന്നത് തടഞ്ഞുകൊണ്ട് മുഖ്യമന്ത്രി ഉത്തരവിറക്കി. ഒരു ഭരണാധികാരിയുടെ പാരിസ്ഥിതിക വിവേകം എന്നതിലുപരി മഹാരാജാസ് കോളേജിലെ ഒരു പൂർവ വിദ്യാർഥിക്ക് അവിടത്തെ അധ്യാപകനോടുണ്ടായിരുന്ന സ്നേഹബഹുമാനമായിരുന്നു പ്ലാച്ചിക്കരക്കാടിനെ യഥാർഥത്തിൽ രക്ഷപ്പെടുത്തിയത്. ഇക്കാലത്ത് കാടുവെട്ടിനട്ട കശുമാവിൻതോട്ടങ്ങളാണ് എൻഡോസൾഫാൻ വിഷമഴയിലൂടെ നിരവധി കാസർകോടൻ ഗ്രാമങ്ങളുടെ വിധി നിർണയിച്ചത്. പക്ഷേ, പ്ലാച്ചിക്കരയുടെ വിധി നിർണയിക്കാൻ ഈ സഹവാസക്യാമ്പിനു കഴിഞ്ഞു. ഇന്ന് കാസർകോട് ജില്ലയിലവശേഷിക്കുന്ന അപൂർവം ഹരിതവനത്തുരുത്തുകളിലൊന്നാണ് പ്ലാച്ചിക്കരയിലേത്. പ്രൊഫ. എം.കെ. പ്രസാദിൻെറ നേതൃത്വത്തിൽ പ്ലാച്ചിക്കരക്കാടുകളിൽ നടന്ന പഠനം പദ്ധതികളുമായി ബന്ധപ്പെട്ട പാരിസ്ഥിതികാഘാതന്വേഷണങ്ങൾക്ക് പരോക്ഷമായെങ്കിലും തുടക്കംകുറിക്കുകയായിരുന്നു.




ഫോട്ടോ: പി. മനോജ്

**സൈലൻറ്വാലി നാഷണൽ പാർക്കിൻെറ പ്രവേശനകവാടം.**

സൈലൻറ് വാലി സമരത്തിൽ പദ്ധതിക്കെതിരായി നിലകൊണ്ട ജനകീയ ശാസ്ത്രപ്രസ്ഥാനമാണ് കേരള ശാസ്ത്ര സാഹിത്യ പരിഷത്ത്. കേരളത്തിൻെറ വികസനം മുടക്കാൻ സി.ഐ.എയാണ് പദ്ധതി വിരുദ്ധ സമരം സ്പോൺസർ ചെയ്യുന്നതെന്നു വിശ്വസിച്ചുറപ്പിച്ച മുഖ്യധാരാ ഇടതുപക്ഷത്തിനകത്ത് പരിസര ബോധത്തിൻെറ ചെറുകണമെങ്കിലും ഉണ്ടാക്കാനായ പരിഷത്തിൻെറ അക്കാലത്തെ ക്യാംപയിൻ തീർച്ചയായും ചരിത്രത്തിൻെറ ഭാഗമാണ്. പരിഷത്തിൽ പരിസരശാസ്ത്രം കൊണ്ടുവന്നത് എം.കെ. പ്രസാദാണെന്ന് അതിൻെറ സ്ഥാപക നേതാവായ പി.ടി. ഭാസ്കരപ്പണിക്കർ സാക്ഷ്യപ്പെടുത്തുന്നു. 1979–ലെ പ്രൈമറി ടീച്ചർ (ലക്കം 55) മാസികയിലെഴുതിയ 'പരിസരശാസ്ത്രത്തിൻെറ രാഷ്ട്രീയം' എന്ന ലേഖനത്തിൽ പി.ടി.ബി. പറയുന്നു. ''പയ്യന്നൂരിലെ ജന്തുശാസ്ത്രക്ലബ്ബും അതിൻെറ അധ്യക്ഷൻ പ്രൊഫ. ജോൺ സി ജേക്കബും പ്രകൃതിസംരക്ഷണ കാര്യത്തിൽ ചെയ്ത പ്രവർത്തനങ്ങൾ മാതൃകാപരമാണ്. അവയെ വേണ്ടവിധം വിലയിരുത്തിയാൽ ഒരുകാര്യം വ്യക്തമാകും. ശാസ്ത്രസാഹിത്യ പരിഷത്തിനെക്കാൾ അവഗാഹത്തോടെ ഈ പ്രശ്നം നേരത്തെക്കൂട്ടി കാണാനും അതിനുപറ്റിയ പരിപാടികൾ വഴി സ്കൂൾകുട്ടികളെ ഇങ്ങോട്ടുകൊണ്ടുവരാനും ജ ▶



ന്തുശാസ്ത്ര ക്ലബ്ബിന് കഴിഞ്ഞിരിക്കുന്നു. ചെറിയ കാര്യമല്ലല്ലോ അത്''. 1965–ൽ പരിഷത്ത് സെക്രട്ടറിയായിരുന്ന ഭാസ്കരപ്പണിക്കർ സത്യസന്ധമായി ജോൺസിയുടെ പ്രവർത്തനത്തെ വിലയിരുത്തുകയാണിവിടെ. തവനൂർ സമ്മേളനത്തിൽ 'ആയിരം പരിസരയോഗങ്ങൾ' തീരുമാനിച്ചപ്പോൾ പണിക്കർ എഴുതി. 'എന്താണ് പഠിപ്പിക്കുക? ആരാണിത് പറയുക. അതിന് ഒരു ട്രെയിനിങ് കോഴ്സും കരിക്കുലവും ഉണ്ടാക്കണം. എം.കെ. പ്രസാദും ജോൺസിയും എല്ലാംകൂടി തയ്യാറാക്കണം.''

എഴുപത്തെട്ട്–എൺപത് കാലഘട്ടത്തിൽ വടക്കൻ കേരളത്തിൽ ജന്തുശാസ്ത്രക്ലബ്ബിൻെറയും സീക്കിൻെറയും നേച്ചർ ക്ലബ്ബുകളുടെയും നേതൃത്വത്തിൽ പദ്ധതിവിരുദ്ധ പ്രവർത്തനങ്ങൾ സജീവമായിരുന്നു. എന്നാൽ ഇക്കാലം പരിഷത്തിനകത്ത് പാരിസ്ഥിതികാശയങ്ങളുടെ സംക്രമണ കാലഘട്ടം മാത്രമായിരുന്നു. 1978–ൽ പരിഷത്തിൻെറ കോട്ടയം സമ്മേളനത്തിൽ എം.കെ. പ്രസാദ് സൈലൻറ് വാലി പ്രമേയം കൊണ്ടുവരുന്നുണ്ടെങ്കിലും പരിഷത്തിൻെറ ഭാഗമായിരുന്ന കെ.എസ്.ഇ.ബി എഞ്ചിനിയർമാർ പ്രമേയത്തെ എതിർക്കുകയായിരുന്നു. ഇക്കാലത്ത് പദ്ധതിവിരുദ്ധ പ്രവർത്തനങ്ങൾ നടത്തിയ നേച്ചർ ക്ലബ്ബ് കൺവീനർമാരായ സ്കൂൾ അധ്യാപകർക്കും പരിഷത്തുകാരായ സഹാധ്യാപകരിൽ നിന്നും പലവിധ പീഡനങ്ങൾ ഏൽക്കേണ്ടിവന്നിട്ടുണ്ടെന്ന് ജോൺസി പറയുന്നു.

മനുഷ്യരാശിക്ക് സ്വപോഷിതമായി ജൈവമണ്ഡലത്തെ ആശ്രയിക്കാതെ നിലനില്ക്കാനാവുന്ന തലത്തിലേക്ക് ഭൗതികോത്പാദനപ്രക്രിയ

**ദക്ഷിണേന്ത്യയിലെ ആദ്യ പ്രകൃതി പഠന സഹവാസം പരിപാടിയുടെ സംഘാടകരും അധ്യാപകരും. തൊപ്പി ധരിച്ചിരിക്കുന്നത് പ്രൊഫ. എം.കെ. പ്രസാദ്. ജന്തുശാസ്ത്രജ്ഞനായ ഡി.കെ. മാത്യു, കേരള ദിനേശ് ബീഡി ചെയർമാനായിരുന്ന സി.വി. കുഞ്ഞിരാമൻ, 'സിൽക്കി'ൻെറ ഇപ്പോഴത്തെ ഡയറക്ടർ ടി.പി. പദ്മനാഭൻ തുടങ്ങിയവരെയും കാണാം.**

വികസിക്കുമെന്നത് ഒരു റഷ്യൻ അത്യാഗ്രഹമായിരുന്നു. ഈ അതിഭാവനയുടെ മേലാണ് ജൈവമണ്ഡലത്തിനു പകരം സാങ്കേതികതയുടേതായ ഒരു മണ്ഡലം സൃഷ്ടിച്ചെടുക്കാമെന്ന 'നവോസ്ഫിയർ' സിദ്ധാന്തം വെർനോഡ്സ്കിയും മറ്റും ആവിഷ്കരിച്ചത്. പരിഷത്തിൻെറ അംഗസംഖ്യ ആയിരങ്ങൾ കവിയുകയും ഗ്രാമഗ്രാമാന്തരങ്ങളിൽ യൂണിറ്റുകൾ സ്ഥാപിക്കപ്പെടുകയും ചെയ്ത ജനകീയശാസ്ത്രത്തിൻെറ സുവർണകാലഘട്ടത്തിൽ ഒരുപാടുപേർ ജൈവമണ്ഡലത്തെ പ്രതിസ്ഥാപിക്കുന്ന ഒരു സാങ്കേതിക മണ്ഡലത്തെ സ്വപ്നം കണ്ടിരുന്നു. പ്രൈമറി സ്കൂളിൽ സയൻസ് പഠിപ്പിച്ച, ഞങ്ങളെ ആദ്യമായി ശാസ്ത്രകലാജാഥ കാണാൻ മറ്റൊരു ജാഥയാക്കി കൊണ്ടുപോയ അധ്യാ

**പരിഷത്ത്, സംഘടന എന്ന നിലയിൽ പദ്ധതിയെ എതിർക്കില്ലെന്നും അതുകൊണ്ടാണ് സുവോളജിക്കൽ ക്ലബ്ബിൻെറയും നേച്ചർക്ലബ്ബുകളുടെയും സഹായം തേടിയതെന്നും 1978-ൽ എം.കെ. പ്രസാദ് പറഞ്ഞതായി ജോൺസി അനുഭവക്കുറിപ്പുകളിൽ എഴുതിയിട്ടുണ്ട്.**

പകൻ മനുഷ്യൻെറ ആഹാരമെല്ലാം ഗുളികയായി മാറുന്ന ഒരു കാലം വരുമെന്ന് സ്വപ്നം കാണാൻ പരിശീലിപ്പിച്ചിരുന്നു. ഇത്തരം മൂഢവിശ്വാസങ്ങളെ അപ്രമാദശാസ്ത്രമായി കണ്ടവരായിരുന്നു എഴുപതുകളുടെ ഉത്തരഖണ്ഡത്തിലെ ജനകീയപരിഷത്തിലെ ഒരു വലിയപക്ഷം. അടിയുറച്ചുപോയ ഈ ചിന്താപദ്ധതിയെ ഉഴുതുമറിച്ചിടാൻ ഏറെ പണിപ്പെടേണ്ടതുണ്ടായിരുന്നു, എം.കെ. പ്രസാദ് നേതൃത്വം നല്കിയ പരിഷത്തിലെ പരിസ്ഥിതി സമിതിക്ക്. എൺപതുകൾവരെ പരിഷത്ത് സൈലൻറ് വാലി അണക്കെട്ടിനെതിരെ പ്രവർത്തിച്ചിരുന്നില്ലെന്ന് ആരോപിക്കുന്നതിനേക്കാൾ ഒരു പ്രസ്ഥാനം എന്ന നിലയിൽ അതിനാവശ്യമായ പാരിസ്ഥിതികവിവേകം ആർജിച്ചിരുന്നില്ല എന്നു കരുതുന്നതാകും ശരി. എന്നാൽ പരിഷത്തിൻെറ തന്നെ ആരംഭഘട്ടംമുതൽക്കെ അതിൽ സജീവമായിരുന്ന ഭാസ്കരപ്പണിക്കർ, എൻ.വി. കൃഷ്ണവാര്യർ, കെ. ഭാസ്കരൻ നായർ തുടങ്ങിയ കാല്പനിക മനസ്സുകൾക്ക് ഇക്കോളജിയിലേക്കുള്ള ഇടയവഴിയറിയാനും സൈലൻറ് വാലി സംരക്ഷണപ്പോരാട്ടത്തിൻെറ മുന്നണിപ്പോരാളികളാവാനും സാധിച്ചു എന്നതും ഇതോടൊപ്പം ചേർത്തുവെക്കണം.

''സൈലൻറ് വാലി ഒരു രോഗലക്ഷണം മാത്രമാണ്. രോഗത്തിൻെറ വേരുകൾ സമുദായശരീരത്തിൻെറ ആഴമേറിയ ഭാഗങ്ങളിലാണ്. രോഗത്തെ ചികിത്സിക്കാതെ രോഗലക്ഷണത്തെ ചികിത്സിക്കുന്നത് ബുദ്ധിശൂന്യതയാണ്. പ്രകൃതിയെ സ്വകാര്യലാഭത്തിനായി ധൂർത്തടിക്കുന്ന ഇന്നത്തെ പ്രവണതയ്ക്കെതിരെ സുബോധമുള്ള എല്ലാ സാധാരണക്കാരനും ബുദ്ധിജീവിയും തൊഴിലാളിയും സംഘടിക്കേണ്ടിയിരിക്കുന്നു'' –1979 ഡിസംബറിൽ 'മൈന' ത്രൈമാസികത്തിൽ ജോൺസി എഴുതി. ജോൺസി വിഭാവനംചെയ്ത വിധം ഒരു ബഹുജന മുന്നേറ്റം സൈലൻറ് വാലിയിൽ സംഭവിച്ചിരുന്നോ? ഇല്ലെന്നുതന്നെ ഉത്തരം. 1961–ൽ മാവൂർ ഗ്വാളിയോർ റയോൺസ് പ്രവർത്തനമാരംഭിച്ച് ഏറെക്കഴിയും മുൻപുതന്നെ ജലമലിനീകരണം ഒ

രു പ്രശ്നമായിത്തീരുകയും ഒറ്റപ്പെട്ട പ്രതിരോധ ശബ്ദങ്ങൾ മുഴങ്ങിത്തുടങ്ങുകയും ചെയ്തിരുന്നു. ഇളമരം അനാഥശാലയിലെ കുട്ടികൾ ശ്വാസകോശരോഗികളായിത്തീർന്നതോടെ നാട്ടുകാർ അവിടത്തെ ബണ്ട് പൊളിക്കുന്നുണ്ട്. 1980 ജൂൺ മാസത്തോടെ മാവൂർ സമരം ജനകീയതലത്തിലേക്ക് ഉയരുന്നുണ്ട്. തൊണ്ണൂറുകളിൽ ആണവനിലയത്തിനെതിരെയും രണ്ടായിരത്തിൽ എൻഡോസൾഫാനെതിരെയും നടന്ന സമരങ്ങളിൽ പരപ്രേരണയില്ലാതെ പങ്കെടുത്ത ആയിരങ്ങൾ 'സൈലൻറ് വാലി'യിൽ കാണില്ല. പിൽക്കാലത്ത് നർമദാ താഴ്വര കണ്ടതുപോലെ പദ്ധതിയുടെ തിക്തഫലങ്ങൾ അനുഭവിക്കുന്നവരുടേതായ ഒരു പ്രതിരോധവും ഇവിടെ നടന്നില്ല. ഇരകളുടെ സമരമാണ് ആദ്യത്തേത്. എന്നാൽ സൈലൻറ് വാലിയിൽ ഇരകളില്ല; ഗുണഭോക്താക്കളേയുള്ളൂ. അഥവാ ഇരകൾ നിശ്ശബ്ദ തിര്യക്കുകളാണ്. ഈ വനരോദനത്തെ കവികളും അധ്യാപകരും കുട്ടികളും ശാസ്ത്രജ്ഞരും ഏറ്റെടുത്തുവെന്നു മാത്രം. യു.എസ്.എസ്. ആറിലെ അഷ്ഗാബാദിൽ 1978-ൽ നടന്ന ഇൻറർനാഷണൽ യൂണിയൻ ഫോർ കൺസർവേഷൻ ഓഫ് നേച്ചർ ആൻഡ് നേച്ചറൽ റിസോഴ്സസിൻെറ (IUCN) ജനറൽ അസംബ്ലി സൈലൻറ് വാലി സംരക്ഷിക്കുന്നതിന് ഇന്ത്യാ ഗവൺമെൻറിനോട് പ്രത്യേകം അഭ്യർഥന നടത്തിയിരുന്നു. അസ്പൃശ്യവനങ്ങൾ എന്നതിലുപരി സിംഹവാലനെപ്പോലുള്ള വംശനാശഭീഷണി നേരിടുന്ന സ്ഥാനിക സസ്യ-ജന്തുക്കളുടെ സ്വാഭാവിക പര്യാവരണം എന്ന നിലയിലാണ് ഐ.യു.സി.എൻ. ഈ അഭ്യർഥന നടത്തിയത്. സാലിം അലിയും റിച്ചാർഡ് ബർബിബേക്കറും അടങ്ങുന്ന പ്രമുഖർ രാജ്യത്തിനകത്തും പുറത്തും ഉയർത്തിയ ശബ്ദങ്ങൾക്കൊടുവിൽ ഇന്ദിരാഗാന്ധി കാടിൻെറ രക്ഷകയായി. 1983 നവംബറിൽ പദ്ധതിപ്രവർത്തനങ്ങൾ ഇന്ദിരാഗാന്ധി നിർത്തിവെപ്പിച്ചു. 1985 സപ്തംബറിൽ അന്നത്തെ പ്രധാനമന്ത്രിയായിരുന്ന രാജീവ്ഗാന്ധി സൈലൻറ് വാലി നാഷണൽ പാർക്ക് ഉദ്ഘാടനം ചെയ്തതോടെ പച്ചയുടെ പടയാളികൾക്ക് അല്പകാലം വിശ്രമിക്കാനായി.

സൈലൻറ് വാലി സമരത്തെ തോല്ക്കുന്നവരുടെ യുദ്ധമായി വിശേഷിപ്പിച്ചത് വൈക്കം മുഹമ്മദ് ബഷീറായിരുന്നു. എൻ.വിയുടെ തണലിൽ പ്രവർത്തിച്ച പ്രകൃതിസംരക്ഷണ സമിതിയുമായി സഹകരിച്ച ചുരുക്കം ഗദ്യസാഹിത്യകാരന്മാരിലൊരാളായിരുന്നു ഭൂമിയുടെ അവകാശത്തെക്കുറിച്ച് തർക്കമേതുമില്ലാതിരുന്ന ബഷീർ. ''സൈലൻറ് വാലിയിലുള്ളതരം കാടുകൾ ഇന്ത്യയിലെങ്ങുമില്ല. അത് നശിപ്പിക്കുന്നത് കഷ്ടമാണ്. പറഞ്ഞാൽ രാഷ്ട്രീയക്കാരന് മനസ്സിലാവില്ല. നശിപ്പിക്കട്ടെ. പദ്ധതി വരട്ടെ. കേരളം മരുഭൂമിയാകും. മരുഭൂമിയായാൽ എണ്ണ കുഴിച്ചെടുക്കാം. ഇസ്ലാമിങ്ങൾക്ക് കാരക്കയും കിട്ടും. നല്ലതു തന്നെ''-ബഷീർ പ്രതികരിച്ചതിങ്ങനെയാണ്.



**കനകകാന്തി (ഇപ്സിയ മലബാറിക്ക). വംശനാശം വന്നുവെന്നു കരുതിയ ഈ ഓർക്കിഡിനെ 130 വർഷത്തിനുശേഷം സൈലൻറ്വാലിയിൽ കണ്ടെത്തി.**

ഫോട്ടോ ഡോ. ഇ. ഉണ്ണികൃഷ്ണൻ

തോറ്റുകൂടാത്തൊരു യുദ്ധമായിരുന്നിട്ടും തോറ്റുകൊണ്ടിരിക്കുന്ന ഒരു പോർമുഖത്താണ് പ്രകൃതിസംരക്ഷണപ്രവർത്തകർ ഇന്ന്. സൈലൻറ് വാലി അവർക്കൊരു സംജ്ഞാനാമമല്ല. സാമാന്യനാമമാണ്. സൈലൻറ് വാലി സമരകാലത്ത് അരങ്ങേറിയ അതേ സർക്കാർ സ്പോൺസേഡ് അസംബന്ധ നാടകങ്ങളാണ് പാത്രക്കടവിലും അരങ്ങേറപ്പെട്ടത്. 2004 മെയ് 21-ന് ചേറ്റുകുളം സ്കൂളിൽ നടന്ന പാത്രക്കടവ് പദ്ധ

**സൈലൻറ്വാലിയിലെ സിംഹവാലൻ കുരങ്ങ്**



ഫോട്ടോ പി.എസ്. അശോക്, പാലക്കാട്



ഫോട്ടോ: പി. മനോജ്

സൈലന്റ്‌വാലിയിലെ വാച്ച്ടവർ

▶ തിയുടെ തെളിവെടുപ്പ് പരിപാടി അഭിപ്രായസ്വാതന്ത്ര്യ നിഷേധത്തിന്റെയും മനുഷ്യാവകാശ ധ്വംസനത്തിന്റെയും മറ്റൊരു അരങ്ങായി മാറിയത് ഓർമിക്കുക. സുഗതകുമാരിയെയും പദ്ധതിക്കെതിരായി തെളിവു നല്കുമെന്നുറപ്പുള്ള ഡോ. വി.എസ്. വിജയൻ, ഡോ. എസ്. ശങ്കർ തുടങ്ങിയ ഉന്നത ശാസ്ത്രജ്ഞരെയും പടിക്കു പുറത്താക്കി മണ്ണാർക്കാട്, കുമരംപുത്തൂർ പഞ്ചായത്തുകളിലെ 'പൊതുപ്രവർത്തകർക്കു മാത്രം' പ്രവേശനം നിജപ്പെടുത്തിയാണ് പൊതുതെളിവെടുപ്പ് നടത്തിക്കൂട്ടിയത്. 1979-ൽ സൈലന്റ് വാലി സംരക്ഷണ ആക്ട് ചർച്ചചെയ്യുന്നതിനായി തിരുവനന്തപുരം വി.ജെ.ടി. ഹാളിൽ വിളിച്ചുചേർത്ത സമ്മേളനത്തിന് കോടതി വിലക്ക് ഏർപ്പെടുത്തുകയും സാലിംഅലി അടക്കം പതിനൊന്ന് പ്രസിദ്ധ ശാസ്ത്രജ്ഞന്മാർ നാലു ദിവസേത്തക്ക് 'കാട്' എന്ന് മിണ്ടിപ്പോകരുതെന്നും കല്പിച്ച വിദ്യുച്ഛക്തി ബോർഡിന്റെ പഴയ അനുഷ്ഠാന നാടകത്തിന്റെ തന്നെ പുനഃപ്രക്ഷേപണമാണ് ഇവിടെ നടന്നത്.

ആസ്ഥാന ശാസ്ത്രജ്ഞൻ എന്ന ശൈലിക്ക് അർഥവും അമരത്വവും നല്കിയത് സൈലന്റ് വാലി വിവാദമാണ്. അണക്കെട്ടുവരാൻ ഏഴെട്ടു കൊല്ലം വേണമെന്നും അതിനിടയിൽ ഈ നിശ്ശബ്ദതാഴ്‌വരയിലെ സസ്യവന്യജീവിസമ്പത്തിനെ പറിച്ചുനട്ട് വളർത്താൻ സമയമുണ്ടെന്നും ഉള്ള ഇലക്ട്രിസിറ്റിബോർഡ് ചെയർമാൻ ഇട്ടിഡാർവിന്റെ ''പരിണാമസിദ്ധാന്ത''ത്തിന് ശാസ്ത്രഭാഷ്യം ചമയ്ക്കുകയായിരുന്നു കോഴിക്കോട് സർവകലാശാല സസ്യശാസ്ത്രവിഭാഗം മേധാവിയായിരുന്ന ബി.കെ. നായർ. താഴ്‌വരയിലെ സസ്യജന്തു വൈവിധ്യം പഠിക്കാൻ സർക്കാർ നിയോഗിച്ച പഠനസംഘത്തിന്റെ തലവനായിരുന്ന നായർ സൈലന്റ് വാലി മഴക്കാടുകളേയല്ലെന്നും പ്രഖ്യാപിച്ചു കളഞ്ഞു. താനവിടെ പലപ്രാവശ്യം പോയിട്ടുണ്ടെന്നും അപൂർവങ്ങളായ സസ്യങ്ങളൊന്നും കണ്ടിട്ടില്ലെന്നും ഒരുപടികൂടി കടന്ന് മഴക്കാടുകളെ നിഷ്പ്രയാസം വളർത്തിയെടുക്കാവുന്നതേയുള്ളൂവെന്നും അദ്ദേഹം തട്ടിവിട്ടുകളഞ്ഞു. പരിണാമത്തിന്റെ കളിത്തൊട്ടിലുകളായ ഉഷ്ണമേഖലാ നിത്യഹരിതവനങ്ങളെ നട്ടുനനച്ചുണ്ടാക്കാമെന്ന വങ്കത്തത്തെ ജോൺസി കശക്കി വിടുന്നുണ്ട്. വനത്തോട്ടങ്ങളെ വനങ്ങൾ എന്ന് ഒരു ജീവശാസ്ത്രജ്ഞൻ വിളിക്കാൻ ഒരുമ്പെട്ടാൽ അതിൽപ്പരം വിഡ്ഢിത്തമില്ലെന്ന് ഓർമിപ്പിച്ചുകൊണ്ട് പ്രൈമറി, സെക്കൻഡറി ഫോറസ്റ്റുകളുടെ വ്യത്യാസം വിവരിക്കുന്നുണ്ട് ജോൺസി.

(മൈന-ജൂൺ 1980)

പ്രകൃതിക്കും മാനവകുലത്തിനും വേണ്ടി എന്ന പേരിൽ സ്റ്റേറ്റ് ചെയ്യുന്നതെല്ലാം വംശഹത്യയിലേക്കു നയിക്കുന്ന വികസനപാതകളാണെന്ന തിരിച്ചറിവാണ് തൊണ്ണൂറുകൾ വരെ പരിസ്ഥിതിക്കൂട്ടായ്മകളെ നയിച്ചിരുന്നത്. ഭരണകൂടത്തോട് നിരന്തരം കലഹിക്കുന്ന ആക്ടിവിസത്തിൽ നിന്നും സമായോജനത്തിന്റെ അകവലിവുകളിൽ നിർമമമായിരിക്കുന്ന ഒരു നിർമിതിയായി പരിസരക്കൂട്ടായ്മകൾ അക്കാലത്ത് മാറിയിരുന്നില്ല. നവലോകക്രമത്തിന്റെ നിർമാണ നിർവഹണത്തിനുള്ള ഉപാധികൾ മാത്രമായിക്കഴിഞ്ഞ വരിയുടഞ്ഞ മുടന്തൻ പോത്തുകൾക്കുള്ള അശ്ലീലനാമമായിരിക്കുന്നു എൻ.ജി.ഒ. എന്നത്. സർക്കാറിനു വേണ്ടി സർക്കാർ ചെയ്യേണ്ടകാര്യങ്ങൾ ചെയ്യുകൊടുക്കുകയെന്ന നിയോഗം ഏറ്റെടുത്ത സർക്കാരേതര സംഘടനകളോടാണ് വികസനത്തിന്റെ പ്രായോജകപ്രഭുക്കൾക്ക് ഇന്ന് ഏറെപ്രിയം. വൻകിട പദ്ധതികൾക്കെല്ലാം പാരിസ്ഥിതികാഘാത പഠനങ്ങൾ നിർബന്ധമായിരിക്കെ ആവശ്യമനുസരിച്ച് അത് തയ്യാറാക്കിക്കൊടുക്കുന്ന ക്വട്ടേഷൻ ഏറ്റെടുക്കുന്നത് ഇന്ന് ചില എൻ.ജി.ഒകളാണ്. രാജാവിനേക്കാൾ വലിയ രാജ്യഭക്തികാണിക്കും ഇവർ. പാത്രക്കടവിന്റെ പാരിസ്ഥിതികാഘാതപഠനം നടത്തിയ തിരുവനന്തപുരത്തെ 'പ്രകൃതി വിഭവ ഗവേഷണകേന്ദ്രം' (Environmental Resource Research Centre) ബി.കെ. നായരുടെ പുനരവതാരമായി മാറുന്നത് ഇത്തരുണത്തിലാണ്. ജീവശാസ്ത്രപഠനത്തിൽ, പ്രത്യേകിച്ച് വർഗീകരണശാസ്ത്രത്തിന്റെ രീതിക്കും രീതിശാസ്ത്രത്തിനും ഏറെ മാറ്റം വന്നു കഴിഞ്ഞു. എന്നിട്ടും പാത്രക്കടവിന്റെ പാരിസ്ഥിതികാഘാതപഠനം നടത്തിയ ERRCയ്ക്ക് കുന്തിപ്പുഴയിൽ വംശനാശഭീഷണി നേരിടുന്ന മത്സ്യങ്ങളെയൊന്നും കാണാനായില്ല. എന്നാൽ നാഷണൽ ബ്യൂറോ ഓഫ് ഫിഷ് ജനിറ്റിക്സ് റിസോഴ്സിന്റെ പഠനപ്രകാരം കുന്തിപ്പുഴയിൽ കാണുന്ന 75 ജാതി മത്സ്യങ്ങളിൽ 45 ഇനവും പശ്ചിമഘട്ടത്തിലെ സ്ഥാനികങ്ങൾ (Endemic) ആണ്. 'മീസനോമാക്കിലസ് രമാദേവീ' പോലുള്ള ഏതാനും ജാതികൾ ഇവിടെയല്ലാതെ ലോകത്തൊരിടത്തുമില്ല. ഐ.യു.സി.എന്നിന്റെ കണക്കുപ്രകാരം കുന്തിപ്പുഴയിലെ 22 ജാതി മത്സ്യങ്ങൾ വംശനാശഭീഷണിയിലാണ്.

1978 ജനവരിയിൽ ശാസ്ത്രസാഹിത്യപരിഷത്ത് സൈലന്റ് വാലി പദ്ധതിക്കെതിരായി ഒരു ഒപ്പുശേഖരണ ക്യാംപയിൻ നടത്തുന്നുണ്ട്. ശാസ്ത്രജ്ഞന്മാരും അധ്യാപകരുമട

ക്കം 600 ഓളം പേർ ഇതിൽ ഒപ്പുവെച്ചു. ഒപ്പുവെച്ചവരുടെ കൂട്ടത്തിൽ കോഴിക്കോടു സർവകലാശാലയിലെ സസ്യശാസ്ത്രമേധാവിയായ ഡോ. ബി.കെ. നായരുമുണ്ട്. രണ്ടു വർഷത്തിനുശേഷം സർക്കാരിന്റെ ആസ്ഥാനശാസ്ത്രജ്ഞനിയോഗം തന്നെ കാത്തിരിക്കുന്നുവെന്ന് അന്നദ്ദേഹം അറിഞ്ഞിരിക്കില്ല. ആക്ഷേപകരമായ ഇത്തരം കർമവൈരുധ്യങ്ങൾ സൈലൻറ് വാലി ഉപാഖ്യാനത്തിലുടനീളം കാണാം. സ്റ്റേറ്റ് സ്പോൺസർ ചെയ്യുന്ന പൊറാട്ടുനാടകങ്ങളിൽ സ്ഥിരം വിദൂഷകവേഷം കെട്ടേണ്ടിവരുന്നവരാണ് ഉദ്യോഗസ്ഥവൃന്ദം. സൈലൻറ് വാലിയെക്കുറിച്ചുള്ള സമഗ്രഗ്രന്ഥം വിസ്പേർസ് ഓഫ് റീസൺ– എഡിറ്റുചെയ്ത വനപാലന മേധാവിതന്നെയാണ് അഞ്ചുവർഷങ്ങൾക്കുശേഷം ഇലക്ട്രിസിറ്റി ബോർഡിന്റെ തലവനായിരുന്നുകൊണ്ട് പാത്രക്കടവ് തെളിവെടുപ്പു നാടകത്തിന് രംഗസജ്ജീകരണമൊരുക്കുന്നത്. ഇതേ ഗ്രന്ഥത്തിൽ അന്നത്തെ വനംവകുപ്പുമന്ത്രിയായിരുന്ന കടവൂർ ശിവദാസന്റെ പ്രൗഢമായ ഒരു ലേഖനവുമുണ്ട്. നിശ്ശബ്ദതാഴ്വരയുടെ അനന്യതയെക്കുറിച്ചും സംരക്ഷണത്തിന്റെ പ്രാധാന്യത്തെക്കുറിച്ചും കടവൂർ എഴുതുന്നു. നാഷണൽ പാർക്കിന്റെ ദശവാർഷിക ഉദ്ഘാടന വേളയിൽ സൈലൻറ് വാലിയെ സംരക്ഷിച്ച പ്രകൃതിസ്നേഹികളെയും മാധ്യമപ്രവർത്തകരെയും അഭിനന്ദിച്ചു വീർപ്പുമുട്ടിച്ചയാൾതന്നെയാണ് പാത്രക്കടവിന്റെ വിദ്യുച്ഛക്തി മന്ത്രി! –പബ്ലിക് റിലേഷൻ വകുപ്പെന്ന ഔദ്യോഗിക സാഹിത്യ നിർമാണശാലയിലിരുന്ന് തലയ്ക്ക് വെളിവുള്ള ചെറുപ്പക്കാരാരോ കഷ്ടപ്പെട്ടെഴുതിക്കൊടുക്കുന്ന ലേഖനങ്ങൾ നമ്മുടെ മന്ത്രിമാർ എന്നാണൊന്നു വായിച്ചുനോക്കുകയെങ്കിലും ചെയ്യുക?

നയനിയന്താക്കളിൽ ഇന്നും തുടരുന്ന ഈ പാരിസ്ഥിതിക നിരക്ഷരതകൊണ്ടുകൂടിയാണ് സൈലൻറ് വാലി ഒരു തോറ്റയുദ്ധമായി മാറിയത്. പ്രകൃതിയോടും മനുഷ്യനോടും താൻ ചെയ്ത നൈതികപ്പിഴവുകൾ തിരിച്ചറിഞ്ഞ് പശ്ചാത്തപിച്ച ഒരാളേ ഇക്കൂട്ടത്തിലുള്ളൂ; പദ്ധതി നടപ്പിലാക്കാൻ ഏറെ പ്രവർത്തിച്ച മുൻ മുഖ്യമന്ത്രി പി.കെ. വാസുദേവൻനായർ. പ്ലാച്ചിമടയിലെ ആഗോള ജലസംരക്ഷണ സമ്മേളനത്തിൽവെച്ച്; അറിവുകേടുകൊണ്ട് തനിക്കുപറ്റിയ തെറ്റിൽ പശ്ചാത്തപിച്ച പി.കെ.വി. പാരിസ്ഥിതിക വിവേകോദയത്തിന്റെ സൂര്യതേജസ്സായി മാറുന്നതിവിടെയാണ്.

ബി.കെ. നായരുടെ ആത്മവഞ്ചനയ്ക്ക് പ്രായശ്ചിത്തമെന്നോണം



ഫോട്ടോ സി. ഉണ്ണികൃഷ്ണൻ

**മൂന്നു പതിറ്റാണ്ടു മുൻപ് കോട്ടഞ്ചേരിയിലെ ഒരു വനസഹവാസം. ജോൺസി ജേക്കബിനു പിന്നിൽ നിൽക്കുന്നത് നോവലിസ്റ്റ് പി.വി.കെ. പനയാൽ ആണ്.**

സൈലൻറ്വാലിയെക്കുറിച്ചുള്ള ഏറ്റവും സമഗ്രമായ സസ്യസഞ്ചയ പഠനം (Flora) നടത്തിയത് കോഴിക്കോട് സർവകലാശാലാ സസ്യശാസ്ത്രവകുപ്പുതന്നെ. ബി.കെ. നായർക്കുശേഷം വകുപ്പുമേധാവിയായിരുന്ന ഡോ. കെ.എസ്. മണിലാൽ 134 കുടുംബങ്ങളിലായി 966 ജാതി സസ്യങ്ങളെ സൈലൻറ് വാലിയിൽ തിരിച്ചറിഞ്ഞു. അന്യം നിന്നുവെന്നു കരുതിയിരുന്ന പല ചെടികളെയും അദ്ദേഹം സൈലൻറ് വാലിയിൽ കണ്ടെത്തി. മലേഷ്യയിൽ നിന്നു മാത്രം റിപ്പോർട്ട് ചെയ്യപ്പെട്ടിരുന്ന ''സൈക്ലിയ ബാർബേറ്റ' എന്ന ഒരിനം പാടക്കിഴങ്ങും ജലസമാധി വിധിക്കപ്പെട്ട പുഴയോരപ്പുൽമേടുകളിൽ

**1978-ൽ പരിഷത്തിന്റെ കോട്ടയം സമ്മേളനത്തിൽ എം.കെ. പ്രസാദ് സൈലൻറ്വാലി പ്രമേയം കൊണ്ടുവരുന്നുണ്ടെങ്കിലും പരിഷത്തിന്റെ ഭാഗമായിരുന്ന കെ.എസ്.ഇ.ബി. എഞ്ചിനിയർമാർ എതിർക്കുകയായിരുന്നു.**

നിന്നും ഒന്നരനൂറ്റാണ്ടിനുശേഷം വീണ്ടും കണ്ടെത്തിയ ഇപ്സിയ മലബാറിക്കയെന്ന 'കനകകാന്തി' ഓർക്കിഡും ഇക്കൂട്ടത്തിൽ പെടും. സസ്യശാസ്ത്രം അന്നുവരെ പരിചയപ്പെടാത്ത ഏഴുചെടികളെ മണിലാൽ സൈലൻറ് വാലിയിൽ കണ്ടെത്തി. സൈലൻറ് വാലിയുടെ പ്രവേശനവഴിയിൽ ഒരു പതിറ്റാണ്ടുമുൻപുവരെ ഒരു കൗതുകമായി നിലനിന്ന കൂറ്റൻ പോടുമരം തന്നെ കെ.എഫ്.ആർ.ഐയുടെ പഠനത്തിൽ 'കസേറിയ കേദാരനാഥ' എന്നു പേരിടപ്പെട്ട പുതിയൊരു വൃക്ഷജാതിയായി. സൈരന്ധ്രിയുടെ അക്ഷയപാത്രം ഇന്നും ഗവേഷകരെ നിരാശപ്പെടുത്താറില്ല. ഏറ്റവുമൊടുവിൽ കോയമ്പത്തൂരിലെ വനജനിതക–വൃക്ഷ പുനരുല്പാദന കേന്ദ്രത്തിലെ ശാസ്ത്രജ്ഞനായ ഡോ. സി.കുഞ്ഞിക്കണ്ണൻ സൈലൻറ് വാലിയിൽ നിന്നും പുതുതായി നൂറുചെടികൾ കൂടി തിരിച്ചറിഞ്ഞു. ജോൺസി രൂപം കൊടുത്ത ജന്തുശാസ്ത്രക്ലബ്ബിന്റെ 1984–ലെ സെക്രട്ടറിയായിരുന്നു സസ്യശാസ്ത്രവിദ്യാർഥിയായ കുഞ്ഞിക്കണ്ണൻ– പച്ചയുടെ വിത്തുകൾ പാറയിൽ വീണാലും മുളയ്ക്കുന്നു.

''.... മനുഷ്യർക്ക് കാടുകാണാൻ കിട്ടുകയില്ല എന്ന ഒരു കാലവും വന്നേക്കാം. വയലുകളും തുണിമില്ലുകളും പുകക്കുഴലുകളുമേ അന്നു കാണാൻ കിട്ടുകയുള്ളൂ. അന്ന് തീർഥയാത്രയ്ക്കുപോകും പോലെ ചിലർക്കെങ്കിലും വന്നുകാണാനായി ഈ വനമെങ്കിലും നശിക്കാതെ നിലനിന്നിരുന്നെങ്കിൽ. ഭാവിയിലെ വനപ്രേമികൾക്കായി കുറച്ചെങ്കിലും അരണ്യഭൂമി നിലനിന്നിരുന്നെങ്കിൽ'' – ബിഭൂതിഭൂഷൺ ബന്ദോപാധ്യായ– 'അരണ്യക്' (1939)

ജോൺസി നടന്നു കാണിച്ച ആ കാട്ടുവഴികൾ ഇന്നു രാജപാതകളാണ്.

ആസക്തിയുടെ അഗാധതയിലേക്ക്
ഏതൊക്കെയോ കുഴലൂത്തുകാർക്കൊപ്പം ആളുകൾ ദിക്കറിയാതെ ചരിക്കുന്നു...
ആർത്തിയുടെ മഹാലിഖാരൂപ പർവതങ്ങളിൽ
ഒരു മേഘരൂപമായി കയ്യുയർത്തി
വിലക്കിനിന്ന
വനമഹിഷങ്ങളുടെ ദൈവമേ...
ചുരണ്ടിത്തീർന്ന ഒരു ചെങ്കൽക്കുന്നുപോലെ ശോഷിച്ചുപോയ
ഭൂമിയുടെ വാതിൽ തുറന്ന്
ഏതുയമണ്ഡപാതാളത്തിലേക്കാണ്
അവർ വീഴുന്നത്? ■